സായിനഗർ, പാപ്പനംകോട്, രാംനഗർ, നെരിപ്പിൽ, റാംനഗർ ലൈൻ, ശ്രീരാഗം തിയറ്റർ ലൈൻ, സ്റ്റുഡിയോ റോഡ്, ബ്രാഞ്ച് ലൈൻ നിയർ ടാറ്റാ നഴ്സറി, കൈമനം വിഷ്ണുനഗർ ലൈൻ, കരുമം അന്തിവിളാകം ലൈൻ, മടമ്പന ജംഗ്ഷൻ, വെട്ടിക്കുഴി എന്നീ ഭാഗങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുന്ന ജോലി.	അണപ്പാട്ടുവരെ വിതരണ കുഴലുകൾ നീട്ടിസ്ഥാപിക്കുക.

(ബി) 1997-98-ൽ തീരുമാനിച്ചിരുന്ന എല്ലാ പണികളും നടപ്പിലാക്കിയിട്ടുണ്ട്. 1998-99-ൽ തീരുമാനിച്ചിരുന്ന മാറനല്ലൂർ-അണപ്പാട്ടു വരെയുള്ള വിതരണക്കുഴൽ നീട്ടി സ്ഥാപിക്കുന്ന പണി ഒഴികെ മറ്റു പണികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

(സി) പള്ളിച്ചൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പമ്പ്ഹൗസിന്റെ പ്രൊട്ടക്ഷൻ വർക്ക് സാങ്കേതിക കാരണങ്ങളാൽ റദ്ദാക്കി. പള്ളിച്ചൽ പുതിയ സ്കീം പഴയ സ്കീമുമായി ബന്ധിപ്പിക്കുന്ന പണിക്ക് 4200 മീറ്റർ പൈപ്പ് വേണ്ടതിൽ 1200 മീറ്റർ പൈപ്പിനും അതിന്റെ പണിക്കൂലിക്കുമായി പഞ്ചായത്ത് വാഗ്ദാനം ചെയ്തിരുന്ന 4.50 ലക്ഷം രൂപ ഇതുവരെയും ലഭിച്ചിട്ടില്ല. ഇതിൽ അതോറിറ്റിയിൽ നിന്നും വേണ്ടതായ 3000 മീറ്റർ പൈപ്പ് ഈ സാമ്പത്തിക വർഷം തന്നെ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഒ.എച്ച്.ടാങ്കിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പണി ടെൻഡർ ചെയ്തപ്പോൾ ക്വാട്ട് ചെയ്ത റേറ്റ് അസാധാരണമായി കൂടുതലായതുകൊണ്ട് റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

38 (947) മണിമല ആറ്റിൽ നിന്നും വെള്ളം എടുത്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് പഞ്ചായത്തിൽ മണിമല ആറ്റിൽ നിന്നും വെള്ളം എടുത്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് എസ്റ്റിമേറ്റ്;

(സി) ഈ പദ്ധതി ഏതു സ്കീമിൽ ഉൾപ്പെടുത്തുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിക്ക് അംഗീകാരം കിട്ടുന്നതിനുവേണ്ട നടപടികൾ ത്വരിതപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പള്ളിക്കത്തോട് പഞ്ചായത്തിനു മാത്രമായി ഇപ്രകാരമുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ ഈ പഞ്ചായത്തിലെ 6-ാം വാർഡിലെ ഒരു ചെറിയ പ്രദേശം ഒഴികെയുള്ള 1 മുതൽ 8 വരെയുള്ള വാർഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആനിക്കാട് വില്ലേജും സമീപ വില്ലേജുകൾക്കുമായി ഒരു ശുദ്ധജലവിതരണ പദ്ധതിയ്ക്ക് രൂപം നൽകി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) 1510 ലക്ഷം രൂപ.

(സി) എൽ.ഐ.സി.യുടെ ധനസഹായത്താൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

39 (948) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നൊഴുകുന്ന മലിനജലം ശുദ്ധീകരിക്കാൻ നടപടി

ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നൊഴുകുന്ന മലിനജലം ശുദ്ധീകരിക്കാൻ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റി ഉത്തരമേഖലാ ചീഫ് എൻജിനീയർ ഇത് സംബന്ധിച്ച് അയച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി)കോഴിക്കോട് മെഡിക്കൽകോളേജ് ബിവറേജ് സംവിധാനം ദീർഘകാലാടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ മലപ്പുറം ഐ.പി.ഡി.വിഭാഗം 650 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഒരു പ്രൊപ്പോസൽ തയ്യാറാക്കി അതിന്റെ പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചത് സർക്കാരിന്റെ പരിശോധനയിലാണ്.

2000-2001 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസിലിനോടൊപ്പം ഇത് സംബന്ധിച്ച ഒരു നിർദ്ദേശം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽ നിന്നും ലഭിച്ചത് പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly